**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1195** **14-03-2022 - ൽ മറുപടിയ്ക്ക്**

**അരൂരിലെ മാക്കേകടവ്-നേരെ കടവ് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ മാക്കേകടവ്-നേരെകടവ് പാലത്തിന്റെ നിലവിലെ നിർമ്മാണ അവസ്ഥ വിശദീകരിക്കാമോ; | (എ) | നിലവിൽ മാക്കേക്കടവ് - നേരേക്കടവ് പാലത്തിന്റെ ആകെയുള്ള 100 പൈലുകളിൽ 96 എണ്ണവും 23 പൈൽ ക്യാപ്പുകളിൽ 21 എണ്ണവും അതിനോടുബന്ധിച്ചുള്ള പിയറും, പിയർ ക്യാപ്പുകളും പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ ബാക്കിയുള്ള പൈലുകളും, പൈൽ ക്യാപ്പുകളും ബീമുകളും നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. രണ്ട് നാവിഗേഷൻ സ്പാനുകളിലുള്ള 8 ബീമുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം വർഷങ്ങളായി മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. മാക്കേക്കടവ് - നേരേക്കടവ് പാലത്തിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ കളക്ടർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ ഉദയനാപുരം പഞ്ചായത്തിലെ വടക്കേമുറി വില്ലേജിൽ സ്ഥലമെടുപ്പിനായി 120 ലക്ഷം രൂപ സ്പെഷ്യൽ തഹസിൽദാർ, പാലാ കോട്ടയത്തിനും, ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി പഞ്ചായത്തിലെ തൈക്കാട്ടു -ശ്ശേരി വില്ലേജിലെ സ്ഥലമെടുപ്പിനായി 208 ലക്ഷം രൂപ സ്പെഷ്യൽ തഹസിൽദാർ, ആലപ്പുഴയ്ക്കും കൈമാറിയിട്ടുണ്ട്. സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറിയാ- ലുടൻ തന്നെ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുവാൻ കഴിയും. |
| (സി) | പ്രസ്തുത പാലത്തിന് പുതിയ റേറ്റ് റിവിഷൻ ബാധകമായിട്ടുണ്ടോ? | (സി) | ഈ പ്രവൃത്തി 16/06/2016-ന് 2 വർഷത്തെ നിർമ്മാണകാലയളവിൽ എഗ്രിമെന്റ് വെച്ചിട്ടുള്ളതും തുടർന്ന് 25/02/2020 വരെ കാലാവധി നീട്ടിയതും ആണ്. എന്നാൽ ഭൂ ഉടമകൾ ഹൈക്കോടതിയിൽ സമർപ്പിച്ച കേസ് മൂലം ഭൂമി ഏറ്റെടുക്കൽ നടപടി യഥാസമയം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ കരാറുകാരന് അപ്രോച്ച് റോഡിനു വേണ്ടിയുള്ള സ്ഥലം വിട്ടുകൊടുക്കുവാൻ സാധിച്ചിട്ടില്ല. നിലവിൽ സ്ഥലം ഏറ്റെടുക്കൽ നടപടി |

| | | | |
|---|---|---|---|
| | | | അവസാന ഘട്ടത്തിലാണ്. ദീർഘിപ്പിച്ച നിർമ്മാണ കാലവധിക്കകം സ്ഥലം കൈമാറാത്തതിനെ തുടർന്ന് കരാറുകാരൻ ബാക്കിയുള്ള പ്രവൃത്തിക്ക് റേറ്റ് റിവിഷൻ ആവശ്യപ്പെട്ട് കത്ത് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ